**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രതാ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന സോഷ്യൽ ഓഡിറ്റ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സമ്പ്രദായം എന്ത് ഗുണപരമായ മാറ്റമാണുണ്ടാക്കുകയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ സുതാര്യത ഉറപ്പുവരുത്തുവാൻ സോഷ്യൽ ഓഡിറ്റ് നടത്തുന്നതു വഴി സാധ്യമാകുന്നു. സോഷ്യൽ ഓഡിറ്റ് നടത്തുന്ന ഏജൻസികൾ, തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഗൃഹങ്ങളിൽ സന്ദർശനം നടത്തി, ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ സംബന്ധിച്ച് അറിവുണ്ടെന്നും, ഉപഭോക്താക്കൾക്ക് അർഹമായ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ടെന്നുള്ള കാര്യവും ഉറപ്പാക്കുന്നു. റേഷൻ കടകൾ പരിശോധിച്ച് ഗുണഭോക്താക്കൾക്ക് അർഹമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ ജില്ലാതല പരാതി പരിഹാര ഓഫീസർ / സംസ്ഥാന ഭക്ഷ്യ കമ്മീഷൻ എന്നിവർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് വകുപ്പ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ പ്രതിവർഷം സോഷ്യൽ ഓഡിറ്റിനായി വകയിരുത്തുന്ന തുകയ്ക്ക് അനുസൃതമായിട്ടാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. കൂടാതെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി താൽപ്പര്യപത്രം ക്ഷണിക്കുകയും, വകുപ്പ് തലത്തിൽ രൂപീകരിച്ചിട്ടുള്ള സമിതി ഏജൻസികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത സോഷ്യൽ ഓഡിറ്റ് വർക്ക് നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഉണ്ട്. 2021-22 സാമ്പത്തിക വർഷം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് മുഖാന്തിരവും 2022-23 സാമ്പത്തിക വർഷം കേരള യൂണിവേഴ്സിറ്റി മുഖാന്തിരവും സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ